**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**
**KEAM – 2022**
**എഞ്ചിനീയറിഗ്, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള**
**മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

2022 -ലെ എഞ്ചിനീയറിംഗ് , ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു . ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **19.10.2022 വൈകുന്നേരം 3.00** മണിക്ക് മുമ്പായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെൻറ് ലഭിച്ച വിദ്യാർഥികൾ ഹോം പേജിൽ നിന്നും അലോട്ട്മെൻറ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ് .15.10.2022 ഉച്ചക്ക് 2 മുതൽ വിദ്യാർഥികൾക്ക് അലോട്ട്മെന്റ് മെമ്മോ ഹോം പേജിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഈ ഘട്ടത്തിൽ ലഭ്യമാകുന്ന അലോട്ട്മെൻറ് മെമ്മോ പിന്നീട് ലഭ്യമാകുന്നതല്ല ആയതിനാൽ അലോട്ട്മെൻറ് മെമ്മോയുടെ പകർപ്പ് വിദ്യാർത്ഥികൾ പിന്നീടുള്ള ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ് . അലോട്ട്മെൻറ് ലഭിച്ച വിദ്യാർഥികൾക്ക് അവരുടെ ഹോം പേജിലെ Data Sheet എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ് അലോട്ട്മെൻറ് മെമ്മോ എന്നിവയും പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പറഞ്ഞിരിക്കുന്ന ബാധകമായ രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് (ബാധകമെങ്കിൽ) **17.10.2022 മുതൽ 19.10.2022, ഉച്ചയ്ക്ക് 2 മണിവരെ** ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയശേഷം **19.10.2022 വൈകുന്നേരം 3** മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. പോസ്റ്റ് ഓഫിസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫിസ്/അധിക തുക (ബാധകമെങ്കിൽ) ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

നിലവിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള കോളേജുകളിൽ **17.10.2022 മുതൽ 19.10.2022, വൈകുന്നേരം 3 മണിക്കുള്ളിൽ** പ്രവേശനം നേടേണ്ടതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് വിദ്യാർഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുമായി ബന്ധപ്പെടേണ്ടതാണ്. നിലവിൽ പ്രവേശനം ലഭിച്ചിട്ടുള്ള കോളേജുകളിൽ നിന്നും വിടുതൽ സർട്ടിഫിക്കറ്റുകൾ ആവശ്യമുള്ളവർക്ക് ആയത് നൽകുന്നതിന് 16.10.2022 (ഞായറാഴ്ച) ന് ബന്ധപ്പെട്ട

കോളേജുകളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ഈ അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിഗ് കോളേജുകളിലേക്കും സർക്കാർ കോസ്റ്റ് ഷെയറിങ് എഞ്ചിനീയറിഗ് കോളേജുകളിലേക്കും പ്രവേശന പരീക്ഷാ കമ്മീഷണർ ഈ വർഷം നടത്തുന്ന അവസാന അലോട്ട്മെന്റായിരിക്കും . സ്വകാര്യ സ്വാശ്രയ ആർക്കിടെക്ച്ചർ കോളേജുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തുടർന്ന് അലോട്ട്മെന്റ് നടത്തുന്നുണ്ടെങ്കിൽ അത് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം സർക്കാർ എഞ്ചിനീയറിംഗ് , ആർക്കിടെക്ചർ കോളേജുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള മോപ് അപ്പ് അലോട്ട്മെന്റിനുള്ള ഓപ്ഷൻ രജിസ്ട്രേഷൻ 17.10.2022 ന് ആരംഭിക്കും. വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**14/10/2022**